ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്
കേരള സർക്കാർ
ബിൽഡിംഗ് നമ്പർ – 32, ശാന്തി നഗർ, തിരുവനന്തപുരം – 695001
ഫോൺ – 0471 2339266/2331080 ഇ – മെയിൽ: mail.inpa@gmail.com
Website: www.ipaffairs.org

## സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നിന്നും ദേശീയ സെമിനാറുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

പാർലമെന്ററികാര്യ വകുപ്പിന് കീഴിലെ സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്, 2022–23 അക്കാദമിക വർഷം ദേശീയ സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് വേണ്ടി കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**പ്രധാന മാർഗ്ഗ നിർദ്ദേശങ്ങൾ**

1. സെമിനാർ നടത്തുന്നതിനായി താഴെപ്പറയുന്ന ഏതെങ്കിലും ഒരു മേഖല തെരഞ്ഞെടുക്കാവുന്നതാണ്.
   - ഇന്ത്യൻ ജനാധിപത്യം – 75 വർഷങ്ങൾ.
   - ഭരണഘടനയും സാമൂഹികനീതിയും.
   - ജനാധിപത്യ സംരക്ഷണത്തിൽ കോടതികളുടേയും മാധ്യമങ്ങളുടേയും പങ്ക്.
   - പാർലമെന്ററി സംവിധാനവും തെരഞ്ഞെടുപ്പുകളും.
   - അധികാര വികേന്ദ്രീകരണം– കേരള മാതൃക.
   - മതേതരത്വം, പാർലമെന്ററി ജനാധിപത്യം, മറ്റ് ആനുകാലിക വിഷയങ്ങൾ എന്നിവയിലും സെമിനാറുകൾ സംഘടിപ്പിക്കാവുന്നതാണ്.
2. 2022–23 അക്കാദമിക വർഷത്തിൽ തന്നെ സെമിനാർ സംഘടിപ്പിക്കേണ്ടതാണ്.
3. ഒരു അധ്യാപകൻ/അധ്യാപികയെ സെമിനാർ കോ–ഓർഡിനേറ്ററായി ചുമതലപ്പെടുത്തേണ്ടതും പ്രസ്തുത കോ–ഓർഡിനേറ്ററുടെ വിശദാംശങ്ങൾ, സെമിനാർ നടത്തുവാൻ ഉദ്ദേശിക്കുന്ന തീയതി, സെമിനാറിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന അക്കാദമിക വിദഗ്ധരുടെ വിശദാംശങ്ങൾ, സെമിനാർ വിഷയം, പ്രസക്തി എന്നിവ അടങ്ങിയ 4 പേജിൽ കവിയാത്ത പ്രൊപ്പോസൽ 2022 ആഗസ്റ്റ് 31 ന് മുൻപായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ടിന് നല്കേണ്ടതാണ്.

4. ഏകദിന സെമിനാറുകൾക്ക് അനുവദിക്കുന്ന പരമാവധി തുക 25,000/- രൂപയും ദ്വിദിന-ത്രിദിന സെമിനാറുകൾക്ക് അനുവദിക്കുന്ന പരമാവധി തുക 50,000/- രൂപയും ആയിരിക്കും.

5. അക്കാദമിക വിദഗ്ധരോടൊപ്പം ഗവേഷണ വിദ്യാർത്ഥികൾക്കും പ്രബന്ധങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

6. കോളേജുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമിക് കമ്മിറ്റിയുടെ പരിശോധനകൾക്ക് ശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ചായിരിക്കും അന്തിമ അനുമതി നല്കുന്നത്.

7. അനുമതി ലഭിക്കുന്ന സ്ഥാപനങ്ങൾക്ക്, ആവശ്യപ്പെടുന്ന പക്ഷം 40 ശതമാനം വരെ സെമിനാർ ഫണ്ട് മുൻകൂറായി നല്കുന്നതാണ്. ബാക്കി തുക അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം അനുവദിക്കുന്നതാണ്.

8. അനുമതി ലഭിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

9. അനുമതി ലഭിക്കുന്ന സ്ഥാപനങ്ങൾക്കുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് നല്കുന്നതാണ്.

INSTITUTE OF PARLIAMENTARY AFFAIRS
GOVT. OF KERALA
SANTHI NAGAR, TVM-1

ഡോ. ബിവീഷ് യു.സി
ഡയറക്ടർ ജനറൽ


വിശദാംശങ്ങൾക്ക്:

ശ്രീമതി.റിൻസി മാത്യു (റിസർച്ച് ഫെലൊ)
മൊബൈൽ നമ്പർ 9447554077